# 0. ആമുഖം

**0.0.വിഷയാവതരണം**

കേരളത്തിൽ മത്സ്യബന്ധനം പരമ്പരാഗത തൊഴിലായി ചെയ്തുവരുന്നവരാണ് അരയർ, വാലർ, നുളയർ, മുക്കുവർ, മുകയർ, അരയവാത്തി തുടങ്ങിയ ജനവിഭാഗങ്ങൾ. കഴിഞ്ഞ നൂറ്റാണ്ടിൽ ഈ ജനവിഭാഗങ്ങൾക്കിടയിലുണ്ടായ നവോത്ഥാന പരിശ്രമങ്ങൾ അരയർ എന്ന പേര് പൊതുവായി സ്വീകരിക്കുന്നതിനിടയാക്കി. എന്നാൽ ഇന്ന് ധീവരർ എന്ന പൊതു നാമത്തിലാണ് ഇവർ അറിയപ്പെടുന്നത്. ജീവിതചര്യയിൽ ചില സമാനതകൾ പ്രകടമാക്കുന്നുണ്ടെങ്കിലും സാംസ്കാരിക വൈവിധ്യവും തനിമയും പുലർത്തുന്നവരാണ് ഇവരെല്ലാം. ഇവരിൽ അരയരുടെ ജീവിതമാണ് പഠന വിഷയം.

**0.1. പഠനലക്ഷ്യം**

കരുനാഗപ്പള്ളിയുടെ തീരഗ്രാമമായ ആലപ്പാടിനെ മുൻനിർത്തിയാണ് ഈ പ്രബന്ധം അരയരുടെ ജീവിതവും സംസ്കാരവും പഠിക്കുന്നത്. ഇവിടെ ജീവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും(92%) അരയരാണ്. സമീപദേശങ്ങളിലെ അരയക്കൂട്ടായ്മകളിൽ നിന്ന് വ്യത്യസ്തമായ പല വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും വച്ചു പുലർത്തുന്നവരാണ് ആലപ്പാട്ടരയർ. ഈ കൂട്ടായ്മയുടെ ചരിത്രപരവും സാംസ്കാരികവും സാഹിതീയവുമായ പ്രകടനങ്ങളുടെ (historical, cultural and literary performances) അന്വേഷണമാണ് ഈ പഠനം. നാട്ടറിവുകളിലൂടെ ഈ കൂട്ടായ്മ പങ്കുവയ്ക്കുന്ന സ്വത്വവും തനിമയും എന്തെന്നത് പ്രധാനമാണ്. ഓരോ കൂട്ടായ്മയെയും വേർതിരിച്ചുനിർത്തുന്നത് അതിന്റെ തനിമയാണ്. തനതായ ഈ അവസ്ഥയിലൂടെ രൂപപ്പെടുന്ന സ്വത്വമാണ് സാംസ്കാരിക വൈവിധ്യം കൂട്ടായ്മയ്ക്ക് നൽകുന്നത്. ആധുനികീകരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽ ആലപ്പാട്ടരയർ എങ്ങനെ സമകാലജീവിതം നയിക്കുന്നുവെന്നും സ്വത്വം രൂപീകരിക്കുന്നുവെന്നും

ഉള്ള അന്വേഷണമാണ് പഠനത്തിന്റെ മുഖ്യലക്ഷ്യം. ഈ അന്വേഷണം ഒരു പ്രദേശത്തെ കേന്ദ്രീകരിക്കുമ്പോൾ അരയരുടെ ജീവിതപഠനത്തോടൊപ്പം ആലപ്പാടെന്ന സാംസ്കാരികമേഖലയുടെ അടയാളപ്പെടുത്തൽ കൂടിയാകുന്നു. ഒപ്പം വരമൊഴി വ്യവഹാരങ്ങളിൽ നിന്നും അരയജീവിതത്തെ ക്രോഡീകരിക്കാനുള്ള ശ്രമവും ഈ പഠനത്തിന്റെ പരിധിയിൽ പെടുന്നു.

**0.2. പൂർവ്വപഠനങ്ങൾ, പ്രസക്തി**

അരയജീവിതത്തിന്റെ സാംസ്കാരികപരിണാമം വെളിവാക്കുന്ന തരത്തിൽ സമഗ്രപഠനങ്ങളൊന്നും നടന്നതായി കാണുന്നില്ല. പ്രാചീനമധ്യകാലീനരേഖകൾ നോക്കിയാൽ വിദേശ സഞ്ചാരികളുടെ കുറിപ്പുകളിൽ മീൻപിടുത്തക്കാരെ കുറിച്ച് സൂചനകളുണ്ടെന്നു കാണാം. ഭരണസൗകര്യാർത്ഥം രചിക്കപ്പെട്ടിട്ടുള്ള മാന്വലുകൾ, ഗസെറ്റിയറുകൾ എന്നിവയും അരയവിഭാഗങ്ങളുടെ ജീവിതം ചർച്ച ചെയ്യുന്നു. എഡ്ഗാർ തേഴ്സ്റ്റന്റെ *Caste and Tribes of Southern India* (1909), എൽ.കെ അനന്തകൃഷ്ണ അയ്യരുടെ *Tribes and Caste of Cochin* (1909), കെ.പി. പദ്മനാഭമേനോന്റെ *History of Kerala* (1924), കേരള ഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധീകരിച്ച *കേരളചരിത്രം* (1973), കെ.എം. ജോർജ്ജ് ചീഫ് എഡിറ്ററായ *സർവ്വ വിജ്ഞാനകോശം* (1974), ഇന്റർ നാഷണൽ സ്ക്കൂൾ ഓഫ് ദ്രവിഡീയൻ ലിംഗ്വസ്റ്റിക്സിന്റെ *Dravidian Encyclopaedia* (1993), തുടങ്ങിയ കൃതികളിലും അരയജീവിതത്തെ പറ്റി പറഞ്ഞുകാണുന്നു. പി. ഗോവിന്ദപ്പിള്ളയുടെ *കേരള നവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം* (2003) ഒന്നാം സഞ്ചികയിൽ 'അരയരുടെ ഉണർവ്വ് ' എന്ന പേരിൽ അരയർക്കിടയിലുണ്ടായ സമുദായോദ്ധാരണപ്രവർത്തനങ്ങളെ വിലയിരുത്തുന്നുണ്ട്. ഡി.സി. ബുക്സിന്റെ നാട്ടറിവ് പഠനപരമ്പരയിൽ ഉൾപ്പെട്ട *കടലറിവുകൾ* (2004) എന്ന ഗ്രന്ഥം കേരളത്തിലെ കടലോരവാസികളിൽ നിന്നും ശേഖരിച്ച കടലറിവുകളിലൂടെയും വിശ്വാസങ്ങളുടെയും പ്രകാശനങ്ങളാണ്. എ.എം. ശ്രീധരന്റെ *മുകയർ വംശീയത, സംസ്കാരം, അതിജീവനം* (2005) എന്ന പഠനമാകട്ടെ കണ്ണൂർ, കാസർകോഡ് ജില്ലകളിലെ മുകയ സമൂഹത്തിന്റെ ജീവിതരേഖയാണ്. പി. ഭാസ്ക്കരനുണ്ണിയുടെ *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം* (1994), പി.കെ.

ബാലകൃഷ്ണന്റെ *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (1997), എം.വി. വിഷ്ണുനമ്പൂതിരിയുടെ *ഫോക്‌ലോർ നിഘണ്ടു* (1998), തുടങ്ങിയുള്ള കൃതികളിലും അരയവിഭാഗങ്ങളെക്കുറിച്ചുള്ള ആനുഷംഗിക പരാമർശങ്ങൾ കാണുന്നു. കെ.എം. ഉദയഭാനുവിന്റെ 'The Dheevara Community and Social Change in Kerala' എന്ന ഗവേഷണപഠനം(കേരളസർവ്വകലാശാല, 1990, അപ്രകാശിതം) കേരളത്തിലെ ധീവരരുടെ സാമൂഹിക പരിവർത്തനത്തെ പൊതുവിൽ നോക്കിക്കാണുന്നതാണ്.

ഈ പൂർവ്വപഠനങ്ങളെല്ലാം അരയജീവിതത്തിലെ ഏതാനും അടരുകളെ വിവരിക്കുകയോ പൊതുവിൽ അവരുടെ ജീവിതത്തെ നോക്കിക്കാണുകയോ ആണ് ചെയ്യുന്നത്. കൂട്ടായ്മയുടെ തനിമയെയോ സ്വത്വത്തെയോ സംബന്ധിച്ച സൂക്ഷ്മമായ അറിവുകൾ പകർന്നു നൽകുന്നില്ല. അതിനാൽ അരയക്കൂട്ടായ്മയുടെ സാംസ്കാരിക തനിമയും സ്വത്വബോധവും വിശകലനം ചെയ്യുന്നതിനുള്ള ശ്രമമെന്ന നിലയിൽ ഈ പഠനം മുൻപറഞ്ഞവയിൽ നിന്നും വ്യതിരിക്തത പുലർത്തുന്നു. ഈ വ്യത്യസ്തതയാണ് പഠനത്തെ പ്രസക്തമാക്കുന്നത്. ചരിത്രത്തിന്റെ അരികുകളിലേയ്ക്ക് ഒതുക്കപ്പെട്ട പ്രാദേശികസംസ്കാരത്തിന്റെ രേഖപ്പെടുത്തൽ എന്ന നിലയിലും പഠനത്തിന് പ്രസക്തിയുണ്ട്.

### 0.3. ഉപാദാനങ്ങൾ, രീതിശാസ്ത്രം

അരയക്കൂട്ടായ്മയുടെ സാംസ്കാരിക തനിമയും സ്വത്വവും വിശകലനം ചെയ്യുന്ന ഈ പഠനത്തിൽ വാമൊഴിപാഠങ്ങളാണ് മുഖ്യ ഉപാദാനങ്ങൾ. ഇതോടൊപ്പം ചരിത്രകൃതികളെയും പ്രാദേശിക രേഖകളെയും ഉപയോഗപ്പെടുത്തുന്നുണ്ട്. നാട്ടറിവുപഠനത്തിന്റെയും സംസ്കാരപഠനത്തിന്റെയും രീതിശാസ്ത്രങ്ങളെയാണ് ഈ പ്രബന്ധം പിന്തുടരുന്നത്. ഈ പഠനപദ്ധതികളിൽ വാമൊഴിപാഠങ്ങളെ പ്രധാന ഉപാദാനങ്ങളായി സ്വീകരിക്കാറുണ്ട്. ഓർമ്മകളിലൂടെ രൂപപ്പെടുന്ന വാമൊഴിപാഠങ്ങൾ ബോധതലത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. അനുഭവത്തിന്റെയും പാരമ്പര്യത്തിന്റെയും സമ്മേളനം അവയിൽ കാണാം. ഒരു വ്യക്തിയിൽ/കൂട്ടായ്മയിൽ സ്വത്വം രൂപംകൊള്ളുന്നത് പലപ്പോഴും ബോധപരമായ ഇടപെടലുകളിലൂടെയാണ്.

അതിനാൽ ബോധതലത്തിൽ നിന്നുകൊണ്ട് സൃഷ്ടിക്കുന്ന വാമൊഴിപാഠങ്ങൾ സ്വത്വത്തിന്റെ പ്രകാശനങ്ങളാണെന്ന് പറയാം. അതിനാലാണ് അവയെ മുഖ്യ ഉപാദാനമായി സ്വീകരിച്ചത്. ആവേദകമൊഴികളെ ഉച്ചാരണഭേദത്തോടും സ്വരവ്യതിയാനത്തോടും കൂടി രേഖപ്പെടുത്തുന്നു. ഈ ദത്തങ്ങളെ സാമാന്യവത്കരണത്തിലൂടെ സ്വാംശീകരിച്ച് ആശയങ്ങളായി പ്രബന്ധത്തിലവതരിപ്പിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. വാമൊഴിപാഠങ്ങളെ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അവയെ സൂചിപ്പിക്കുന്ന ക്രമനമ്പറുകൾ പ്രബന്ധത്തിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു. പ്രബന്ധത്തിൽ ചർച്ചചെയ്യുന്ന വിഷയങ്ങളുടെ മുൻഗണനാക്രമം പാലിച്ചാണ് അനുബന്ധം ചിട്ടപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രബന്ധസംവിധാനത്തിനുള്ള സൗകര്യം കണക്കാക്കി രേഖകളും ചിത്രങ്ങളും പിന്നിൽ, ആവേദകസൂചിയ്ക്ക് മുൻപായി ക്രമീകരിച്ചിരിക്കുന്നു.

**0.4. അധ്യായവിഭജനം**

അഞ്ചധ്യായങ്ങളായാണ് പ്രബന്ധം ക്രമീകരിച്ചിട്ടുള്ളത്. ഒന്നാമധ്യായത്തിൽ ആലപ്പാടെന്ന സാംസ്കാരിക ഭൂമികയെ പരിചയപ്പെടുത്തുന്നു. ലഭ്യമായ വരമൊഴിവ്യവഹാരങ്ങളുടെയും വാമൊഴിപാഠങ്ങളുടെയും സഹായത്താൽ പഠനമേഖലയായ ആലപ്പാടിനെ അവതരിപ്പിക്കുന്നു. പ്രദേശത്തിന്റെ സ്ഥാനം, ചരിത്രം, സമകാലിക പ്രശ്നങ്ങൾ എന്നിവ ഇവിടെ ചർച്ച ചെയ്യുന്നു. രണ്ടാമധ്യായം അരയരെ ലിഖിത ചരിത്രത്തിൽ നിന്ന് കണ്ടെടുക്കാനുള്ള ശ്രമമാണ്. സാഹിത്യ-ചരിത്ര കൃതികളിൽ അരയരെ എപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് അന്വേഷിക്കുകയും അതിലൂടെ തെളിയുന്ന അരയജീവിതം ക്രോഡീകരിക്കുകയും ചെയ്യുന്നു. മൂന്നാമധ്യായം രണ്ടുഭാഗങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ ഈ ജനവിഭാഗങ്ങൾക്കിടയിലുണ്ടായ നവോത്ഥാനപ്രവർത്തനങ്ങളുടെ വിശകലനമാണ് ആദ്യഭാഗം. രണ്ടാംഭാഗത്ത് ആലപ്പാട്ടുകാരനും സാഹിത്യ - സാംസ്കാരിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടും നവോത്ഥാനചരിത്രത്തിൽ വേണ്ടത്ര പരിഗണിക്കപ്പെടാതെ പോയ ഡോ.വി.വി.വേലുക്കുട്ടി അരയൻ എന്ന അതുല്യപ്രതിഭയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തലാണ്.

നാലാമധ്യായത്തിൽ വാമൊഴി പാഠങ്ങളുടെ വിശകലനത്തിലൂടെ ആലപ്പാട്ടരയരുടെ ജീവിതത്തെയും സംസ്കാരത്തെയും അടയാളപ്പെടുത്തുന്നു. കുടിയേറ്റം, ഐതിഹ്യം, സമൂഹഘടന, തുറഭരണം, സ്ത്രീപദവി, പാർപ്പിടം, വസ്ത്രം, ആഹാരം, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, വിലക്കുകൾ, തൊഴിൽപരമായ പ്രത്യേകതകൾ, കടലറിവുകൾ എന്നിവയുമായി ബന്ധപ്പെട്ട വാമൊഴിപാഠങ്ങളിലെ ആശയങ്ങളെ അവതരിപ്പിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്യുന്നു. അതിലൂടെ ആലപ്പാട്ടെ അരയക്കൂട്ടായ്മയെ അടുത്തറിയാനാകുന്നു. അവസാന അധ്യായത്തിൽ അവരുടെ സമകാലിക ജീവിതത്തെ ചർച്ചയ്ക്കെടുക്കുകയും അത് എങ്ങനെ സ്വത്വത്തിൽ സ്വാധീനം ചെലുത്തുന്നു എന്നു അന്വേഷിക്കുകയും ചെയ്യുന്നു. ഈ കൂട്ടായ്മയ്ക്കുള്ളിൽ പലതരം സ്വത്വങ്ങൾ രൂപം കൊള്ളുന്നുണ്ട്. ഈ വൈവിധ്യത്തെ നിലനിർത്തിക്കൊണ്ടു തന്നെ ആലപ്പാട്ടരയർ എന്ന നിലയിൽ രൂപപ്പെടുത്തിയെടുക്കുന്ന/രൂപീകൃതമാകുന്ന സ്വത്വം പാരമ്പര്യത്തിൽ അടിയുറച്ചതാണെന്നുകാണാം. വർത്തമാനകാല സാഹചര്യങ്ങളിൽ നിന്നുകൊണ്ട് അവർ രൂപപ്പെടുത്തുന്ന ഈ സ്വത്വം പാരമ്പര്യത്തെ ഉദ്ഘോഷിക്കുന്നതോടൊപ്പം വരുംകാല ജീവിതത്തിലെ ആശങ്കകളും പങ്കുവയ്ക്കുന്നുണ്ട്. ഇത്തരത്തിൽ വാമൊഴിപാഠങ്ങളുടെ വിശകലനത്തിലൂടെ ആലപ്പാട്ടരയരുടെ ജീവിതവും സാംസ്കാരിക തനിമയും ഈ പഠനം അടയാളപ്പെടുത്താൻ ശ്രമിക്കുന്നു.